**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1990** **04-02-2026 - ൽ മറുപടിയ്ക്ക്**

**പക്ഷിപ്പനി വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | പക്ഷിപ്പനിയെ തുടർന്ന് ഹരിപ്പാട് മണ്ഡലത്തിലെ താറാവ്/കോഴി കർഷകർക്ക് നേരിട്ടിട്ടുള്ള നഷ്ടം എത്രയാണെന്ന് അറിയിക്കാമോ; | (എ) | 2025-2026 ൽ ഉണ്ടായ പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് ഹരിപ്പാട് മണ്ഡലത്തിലെ ചെറുതന, കാർത്തികപ്പള്ളി കരുവാറ്റ, കുമാരപുരം, പള്ളിപ്പാട്, എന്നീ പഞ്ചായത്തുകളിൽ ആണ് "കള്ളിംഗ്" പ്രവർത്തനങ്ങൾ നടത്തിയത്. പക്ഷികളെ 'കൾ' ചെയ്തതിന്റെയും മുട്ടകളും തീറ്റയും നശിപ്പിച്ചതിന്റെയും ഭാഗമായി കർഷകർക്ക് ഏകദേശം 62,73,620/- രൂപയുടെ നഷ്ടം ഉണ്ടായെന്ന് കണക്കാക്കുന്നു. |
| (ബി) | ഹരിപ്പാട് മണ്ഡലത്തിൽ പക്ഷിപ്പനി ബാധ നിയന്ത്രിക്കുന്നതിനായി എത്ര താറാവുകളെ/ കോഴികളെയാണ് കൊന്നൊടുക്കിയത്; ഇതിനുള്ള നഷ്ടപരിഹാരം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ടോ; അറിയിക്കാമോ; | (ബി) | ഹരിപ്പാട് മണ്ഡലത്തിൽ പക്ഷിപ്പനി ബാധ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13,116 താറാവ്/ കോഴികളെയാണ് "കള്ളിംഗ്" നടത്തിയത്. ആയതിന്റെ നഷ്ടപരിഹാരം ഇതുവരെ വിതരണം ചെയ്തിട്ടില്ല. നഷ്ടപരിഹാരത്തിനുള്ള കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് അവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | മുൻകാലങ്ങളിലെ പക്ഷിപ്പനി ബാധയുമായി ബന്ധപ്പെട്ട് പ്രസ്തുത മണ്ഡലത്തിലെ താറാവ്-കോഴി കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാര തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) | 2024 ന് മുൻപുണ്ടായ പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് ഹരിപ്പാട് മണ്ഡലത്തിലെ താറാവ്/കോഴി കർഷകർക്ക് നൽകേണ്ടിയിരുന്ന നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2024 ൽ ഉണ്ടായ പക്ഷിപ്പനി ബാധയുമായി ബന്ധപ്പെട്ട് ഹരിപ്പാട് മണ്ഡലത്തിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത ചെറുതന പഞ്ചായത്തിൽ നൽകേണ്ടിയിരുന്ന ആകെ നഷ്ടപരിഹാര തുകയായ 24,75,800/- രൂപയിൽ 24,36,152/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 39,648/- രൂപ കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതം ലഭ്യമാവുന്ന മുറയ്ക്ക് അനുവദിച്ച് നല്കുന്നതാണ്. |
| (ഡി) | ആലപ്പുഴ ജില്ലയിലെ കുട്ടനാട് മേഖലകളിൽ അടിക്കടിയുണ്ടാകുന്ന പക്ഷിപ്പനി ബാധ നിയന്ത്രിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി നടപ്പിലാക്കുമോ; താറാവ്-കോഴി കർഷകർക്ക് പക്ഷിപ്പനി ബാധയെ തുടർന്നുള്ള സാമ്പത്തിക നഷ്ടം | (ഡി) | താറാവ്, കോഴി എന്നിവയ്ക്ക് സംസ്ഥാന വ്യാപകമായി ഇൻഷുറൻസ് നടപ്പിലാക്കുന്നതിനും ഇൻഷുറൻസ് പ്രീമിയം നിശ്ചയിക്കുന്നതിനും ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പൊതുമേഖലാ ഇൻഷുറൻസ് കമ്പനികളുമായി പലതവണ മീറ്റിംഗ് |

| | | | |
|---|---|---|---|
| | കുറയ്ക്കുന്നതിന് പ്രത്യേക ഇൻഷ്വറൻസ് സഹായം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | നടത്തുകയും ഇൻഷുറൻസ് കമ്പനികളിൽ നിന്നും താത്പര്യപത്രം (EOI) ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ പൊതുമേഖലാ ഇൻഷുറൻസ് കമ്പനികളൊന്നും തന്നെ താത്പര്യപത്രം സമർപ്പിച്ചിരുന്നില്ല. കോഴി, താറാവ് തുടങ്ങിയവയ്ക്ക് നിലവിൽ പൊതുമേഖല ഇൻഷുറൻസ് കമ്പനികൾ ഒന്നും ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ലെന്ന് ഇൻഷുറൻസ് കമ്പനികളുടെ പ്രീ-ബിഡ് യോഗത്തിൽ അവർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ പക്ഷിപ്പനിബാധയെ തുടർന്നുള്ള സാമ്പത്തിക നഷ്ടം കുറയ്ക്കുന്നതിന് പ്രത്യേക ഇൻഷ്വറൻസ് പദ്ധതിയൊന്നും നിലവിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ